**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 176** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അനിവാര്യ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ കാഷ്വാലിറ്റി ഉൾപ്പെടെയുള്ള അത്യാവശ്യ സേവനങ്ങൾ ആരംഭിച്ചെങ്കിലും സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനിവാര്യ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**(ബി)** പ്രതിദിനം 1500-ൽപ്പരം രോഗികൾ എത്തുന്ന ആശുപത്രി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് സ്പെഷ്യാലിറ്റി ഡോക്ടർമാരെ ഉൾപ്പെടെ നിയമിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ആശുപത്രിയിൽ അടുത്തിടെ ഡ്യൂട്ടി ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നേരെ അക്രമം ഉണ്ടായ സാഹചര്യത്തിൽ ആശുപത്രിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ആശുപത്രി പരിസരത്ത് ഒരു പോലിസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് (SHO)കത്ത് നൽകിയിട്ടുണ്ട്. പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിതമാകുന്നതിലൂടെ ആശുപത്രിയിലെ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുകയും ജീവനക്കാർക്കും രോഗികൾക്കും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**